File No.FWLD-D2/296/2019-FWLD

പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4478 — 13.11.2019 ന് മറുപടിയ്ക്ക്.

<u>പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ വനം വകുപ്പ് പദ്ധതികൾ</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.സി. ജോർജ് : | | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വനം വകുപ്പ് നടപ്പിലാക്കിവരുന്ന ഇക്കോ-ടൂറിസം പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | വനം വകുപ്പിലെ ഹൈറേഞ്ച് സർക്കിളിനു കീഴിൽ വരുന്ന പൂഞ്ഞാർ നിയോജക മണ്ഡലത്തിൽപ്പെടുന്ന സ്ഥലങ്ങളിൽ ഇക്കോ-ടൂറിസം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത നിയോജക മണ്ഡലത്തിൽ വനംവകുപ്പ് നടപ്പിലാക്കി വരുന്ന മറ്റ് പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വരുന്ന കോട്ടയം ഡിവിഷനിൽ എരുമേലി റെയ്ഞ്ചിലെ വണ്ടൻപതാൽ ഫോറസ്റ്റ് സ്റ്റേഷനിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ സ്റ്റാഫ് ബാരക്ക്, ഫോറസ്റ്റ് സ്റ്റേഷൻ കെട്ടിടം എന്നിവയുടെ പണി പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ, പ്ലാച്ചേരി ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന കോയിക്കക്കാവ് മുതൽ അഴുതക്കടവ് വരെയുള്ള കാനനപാതയുടെ ഇരുവശങ്ങളിലും കാട് വെട്ടിത്തെളിക്കുക, പാത അറ്റകുറ്റപ്പണി നടത്തി സഞ്ചാരയോഗ്യമാക്കുക എന്നീ ജോലികൾ പുരോഗമിച്ചു വരുന്നു. |
| (സി) | പ്രസ്തുത നിയോജക മണ്ഡലത്തിൽ വനം വകുപ്പ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വരുന്ന കോട്ടയം ഡിവിഷനിലെ എരുമേലി റെയ്ഞ്ചിലെ വണ്ടൻപതാൽ ഫോറസ്റ്റ് സ്റ്റേഷനു കീഴിലുള്ള കോരുത്തോട് ഭാഗത്ത് പട്ടാളക്കുന്ന് - മൈനാക്കുളം വനഭാഗങ്ങളിൽ വന്യമൃഗശല്യം ഉണ്ടാകുന്നത് തടയുന്നതിനായി 5 കിലോമീറ്റർ ദൂരത്തിൽ സൗരോർജ്ജവേലി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ